## പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: സി പി സുനിൽ)

വിഷയം : പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ല - സീനിയർ ക്ലാർക്കുമാരുടെ സ്ഥലംമാറ്റത്തിനുള്ള അന്തിമഅപേക്ഷാലിസ്റ്റ് 2017-ൽ രണ്ടാം അപ്പീൽതീർപ്പാക്കൽഉത്തരവ് പ്രകാരം പുന:ക്രമീകരണം വരുത്തി ഉത്തരവാകുന്നു.

പരാമർശം: (1) സ.ഉ (പി) 3/2017/ഉഭപവ ,തിയതി - 25.2.2017 പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ- ഉത്തരവ്.

(2) ഈ ആഫീസിലെ 2.6.16 ലെ ഇ3-07/2016 നം സ്ഥലംമാറ്റ ഉത്തരവ്.

(3) ഈ ആഫീസിലെ 04.4.17 ലെ ഇ3-07/2016 നം കരട് അപേക്ഷാലിസ്റ്റ്.

(4) അപേക്ഷാലിസ്റ്റ് അന്തിമമാക്കിയ ഈ ആഫീസിലെ 20.7.17 ലെ ഇ3-07/2016 നം ഉത്തരവ്.

(5) ശ്രീ ഷമീം എസ്, സീനിയർ ക്ലാർക്ക്,ചിറ്റാർ ജി.പി യുടെ 22.4.17 ലെ രണ്ടാം അപ്പീൽ

(6) ശ്രീ റിയാസ് അഹമ്മദ്, സീനിയർ ക്ലാർക്ക്,റാന്നി അങ്ങാടി ജി.പി യുടെ 26.4.17 ലെ രണ്ടാം അപ്പീൽ

(7) ബഹു പഞ്ചായത്ത് ഡയറക്ടറുടെ 13.07.17 ലെ **ഇ4-16912/17, ഇ4-16919/17** നം നിർദ്ദേശങ്ങൾ.

(8) ബഹു ഡയറക്ടർക്ക് ഈ ആഫീസിൽ നിന്നും സമർപ്പിച്ച 25.8.17 ലെ ഇ3-3915/17, ഇ3-3916/17 നം കത്തുകൾ

(9) ബഹു പഞ്ചായത്ത് ഡയറക്ടറുടെ 28.09.17 ലെ **ഇ4-16912/17, ഇ4-16919/17** നം സ്പഷ്ടീകരണങ്ങൾ.

## ഉത്തരവ് നം: ഇ3-3915/17 കെ.ഡിസ്. തീയതി: 10.10.2017

പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ 2017 വർഷത്തെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് 04.03.2017 ൽ ബഹു പഞ്ചായത്ത് ഡയറക്ടർ അപേക്ഷകൾ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ സീനിയർ ക്ലാർക്കുമാരുടെ കരട് അപേക്ഷാലിസ്റ്റ് സൂചന (3) പ്രകാരം ഈ ഓഫീസിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു.ടി ലിസ്റ്റിൻമേൽ ആക്ഷേപങ്ങൾ സ്വീകരിച്ച് ആയത് കൂടി പരിഗണിച്ച് സീനിയർ ക്ലാർക്കുമാരുടെ അപേക്ഷാലിസ്റ്റ് അന്തിമമാക്കി സൂചന (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ചിറ്റാർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ ഷമീം എസ്സും റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ റിയാസ് അഹമ്മദ് പി വൈ യും സൂചന (3) കരട് അപേക്ഷാലിസ്റ്റിലെ സ്റ്റേഷൻ സീനിയോറിട്ടി പുന:സ്ഥാപിക്കുന്നതിനായി ഒന്നാം അപ്പീൽ സമർപ്പിച്ചത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിരസിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾ യഥാക്രമം സൂചന (5), സൂചന(6) എന്നിവ പ്രകാരം രണ്ടാം അപ്പീൽ സമർപ്പിച്ചത് ഈ ഓഫീസിൽ നിന്നും ബഹു ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു.

ടി രണ്ടാം അപ്പീലുകളുമായി ബന്ധപ്പെട്ട് സൂചന (7) പ്രകാരം ബഹു ഡയറക്ടർ ലഭ്യമാക്കിയ മറുപടിയിൽ കരട് അപേക്ഷാലിസ്റ്റിലെ ആക്ഷേപങ്ങൾ സംബന്ധിച്ച് സൂചന (1) ലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി നടപടികൾ കൈക്കൊള്ളുന്നതിനും, ആവശ്യമുള്ള പക്ഷം അപ്പീൽവാദികളെ നേരിൽ കേൾക്കുന്നതിനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ 11.08.17 ൽ അപ്പീൽവാദികളെ നേരിൽ കേൾക്കുകയുണ്ടായി.

2016 ലെ സൂചന (2) സ്ഥലംമാറ്റം നടപ്പിലാക്കിയത് അപ്പീൽവാദികളുടെ അപേക്ഷ പ്രകാരമല്ലായെന്നും, ആയതിനാൽ ടി സ്ഥലംമാറ്റത്തെ സൂചന (1) ഉത്തരവിലെ ഖണ്ഡിക 5.6, 5.7, 5.8 എന്നിവ പ്രകാരം നിർബന്ധിത സ്ഥലംമാറ്റമായി കണക്കാക്കണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളുകളുടെ സ്റ്റേഷൻ സീനിയോറിട്ടി മുൻപ് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ പുന:സ്ഥാപിക്കണമെന്നതാണ് ആവശ്യമെന്ന് അപ്പീലുകൾ പരിശോധിച്ചതിൽ നിന്നും നേരിൽ കേട്ടതിൽ നിന്നും മനസ്സിലാക്കുന്നു. പരിഷ്കരിച്ച സ്ഥലംമാറ്റമാനദണ്ഡം അഥവാ സൂചന (1) ഉത്തരവ് നിലവിൽ വന്നതായ **25.02.2017** ന് മുൻപുള്ള തീയതിയായ **02.06.2016** ൽ നടന്ന സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് അപ്പീൽവാദികളുടെ ആക്ഷേപം നിലനിൽക്കുന്നതാണോ എന്നതിൽ അവ്യക്തത ഉള്ളതിനാൽ സൂചന (1) ഉത്തരവിന്റെ മാനദണ്ഡങ്ങൾ പരിഗണിക്കുമ്പോൾ ടി ഉത്തരവിന് മുൻകാല പ്രാബല്യമുണ്ടോയെന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകുന്നതിന് ബഹു പഞ്ചായത്ത് ഡയറക്ടർക്ക് സൂചന(8) പ്രകാരം അപേക്ഷ നൽകിയിരുന്നു.

ആയതിന്റെ മറുപടിയായി ലഭിച്ച ബഹു ഡയറക്ടറുടെ സൂചന (9) കത്തുകളിൽ താഴെപ്പറയും പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

സൂചന (1) ഉത്തരവിലെ ഖണ്ഡിക 5(6)ൽ, ഓപ്ഷനുകളെ അടിസ്ഥാനമാക്കിയല്ലാതെയുള്ളതായ സ്ഥലംമാറ്റങ്ങൾ നിർബന്ധിതസ്ഥലംമാറ്റമായി കരുതേണ്ടതാണെന്നും, ടി സ്ഥലംമാറ്റങ്ങൾ സ്റ്റേഷൻ സീനിയോറിട്ടിയെ ബാധിക്കുന്നതല്ലായെന്നും എവിടെ നിന്നാണോ ഉദ്യോഗസ്ഥൻ നിർബന്ധിതമായി സ്ഥലം മാറ്റപ്പെട്ടത് ,ആ സ്റ്റേഷനിൽ അദ്ദേഹം തുടരുന്നതായി കണക്കാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.06.2016 ലെ സ്ഥലംമാറ്റ ഉത്തരവ് പ്രകാരം ഭരണപരമായ സൗകര്യം മുൻനിർത്തിയാണ് അപ്പീൽവാദികളെ സ്ഥലംമാറ്റിയിട്ടുള്ളതെന്നും ,ആയതിനാൽ ശ്രീ ഷെമീം എസ്സ് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ജോലിയിൽ പ്രവേശിച്ചതായ 01.08.2012 പ്രാബല്യത്തിലും , ശ്രീ റിയാസ് അഹമ്മദ് പി വൈ പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ജോലിയിൽ പ്രവേശിച്ചതായ 27.06.2013 പ്രാബല്യത്തിലും സ്റ്റേഷൻ സീനിയോറിട്ടി നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ബഹു പഞ്ചായത്ത് ഡയറക്ടറുടെ സൂചന (9) സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ സൂചന (5),(6) രണ്ടാം അപ്പീലുകൾ താഴെപ്പറയുന്ന രീതിയിൽ തീർപ്പാക്കുന്നു.

നിലവിൽ ഈ ആഫീസിലെ 20.7.17 ലെ ഇ3-07/2016 നം ഉത്തരവ് പ്രകാരം അന്തിമമാക്കിയ സീനിയർക്ലാർക്കുമാരുടെ അപേക്ഷാലിസ്റ്റിൽ ക്രമനമ്പർ 43 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ ഷമീം എസ്സിനെ ടിയാൾ പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ജോലിയിൽ പ്രവേശിച്ച തീയതിയായ **01.08.2012** തീയതി പ്രാബല്യത്തിൽ സപ്ലിമെന്ററി ക്രമനമ്പർ **3 എ** ആയും, നിലവിലെ അന്തിമ അപേക്ഷാലിസ്റ്റിൽ ക്രമനമ്പർ 47 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ റിയാസ് അഹമ്മദ് പി വൈ യെ ടിയാൾ പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ജോലിയിൽ പ്രവേശിച്ച തീയതിയായ **27.06.2013** തീയതി പ്രാബല്യത്തിൽ സപ്ലിമെന്ററി ക്രമനമ്പർ **6 എ** ആയും സ്ഥാനം പുന:ക്രമീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

OFFICE OF THE DEPUTY DIRECTOR OF PANCHAYATS ★ PATHANAMTHITTA

**(ഒപ്പ്)**

**സി പി സുനിൽ**
**സീനിയർ സൂപ്രണ്ട്,പി.എ.യു 3 &**
**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ അധികചുമതല**
**പത്തനംതിട്ട**

നൽകുന്നത്

1. ശ്രീ റിയാസ് അഹമ്മദ് പി വൈ (റാന്നി അങ്ങാടി സെക്രട്ടറി മുഖേന)
   സീനിയർ ക്ലാർക്ക് ,റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്.
2. ശ്രീ ഷമീം എസ്സ് (ചിറ്റാർ സെക്രട്ടറി മുഖേന)
   സീനിയർ ക്ലാർക്ക് , ചിറ്റാർ ഗ്രാമപഞ്ചായത്ത്.

പകർപ്പ് :

1. അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്
2. സീനിയർ സൂപ്രണ്ട്, പി എ യു 1, 2 & 3.
3. ജില്ലാ ടെക്നിക്കൽ ഓഫീസർ , ഐ കെ എം, പത്തനംതിട്ട ( ഔദ്യോഗികവെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

*ആജ്ഞാനുസരണം അയക്കുന്നത്*

Meni R Nair

**ജൂനിയർ സൂപ്രണ്ട്**